(ഡി) ഒരു വർഷം മുമ്പ് അപേക്ഷ ക്ഷണിച്ചെങ്കിലും യോഗ്യരായ പല ഓഫീസർമാർക്കും അറിയിപ്പ് ലഭിച്ചില്ല എന്ന പരാതി ലഭിച്ചതിനെതുടർന്ന് അപേക്ഷ നൽകാനുള്ള തീയതി നീട്ടിക്കൊടുക്കേണ്ടിവന്നു. അപേക്ഷ സമർപ്പിച്ച പല ഓഫീസർമാരും അപേക്ഷയോടൊപ്പം സമ്മതപത്രം നൽകിയിട്ടില്ലാത്തതിനാൽ ലിസ്റ്റ് പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടു.

(ഇ) അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ് തസ്തികയിലേക്കുള്ള യോഗ്യരായ ഓഫീസർമാരുടെ ലിസ്റ്റിന് ഡി.പി.സി. കൂടി സർക്കാർ അംഗീകാരം നൽകിയശേഷം ഗസറ്റ് വിജ്ഞാപനം നടത്തി പ്രൊമോഷൻ നടത്തുന്നതാണ്.

ക്ഷീരോല്പാദനം

89 [3370] ശ്രീ. അടൂർ പ്രകാശ്:
„ കെ. മോഹൻകുമാർ:
„ ടി. എച്ച്. മുസ്തഫ:
„ ടി. യു. രാധാകൃഷ്ണൻ:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദനം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംസ്ഥാനത്തിന്റെ ആവശ്യത്തിന് മതിയാകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ബാക്കിവേണ്ട പാൽ എവിടെനിന്നുകൊണ്ടുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28 എൽ. എം. ടി. (ലക്ഷം മെട്രിക് ടൺ) (2002-2003-ലെ പ്രതീക്ഷിത കണക്ക്)

(ബി) ഇല്ല.

(സി) കമ്പോളത്തിൽ ലഭ്യമായ വിവിധ കമ്പനികളുടെ പാൽപ്പൊടി ഉപയോഗിച്ചും തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവന്നും കുറവ് നികത്തുന്നു.

പാൽ ഉല്പാദനത്തിലുണ്ടാകുന്ന വർദ്ധന

90 [3371] ശ്രീ. എൻ. ശക്തൻ:
„ ഡൊമിനിക് പ്രസന്റേഷൻ:
„ പി.ടി. തോമസ്:
„ എം. എ. ചന്ദ്രശേഖരൻ:
„ എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഓരോ വർഷവും പാൽ ഉല്പാദനത്തിൽ ഉണ്ടാകുന്ന വർദ്ധനയെത്രയാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) കറവപ്പശുക്കളുടെ എണ്ണത്തിലുള്ള വർദ്ധനമൂലമാണോ ഉല്പാദനക്ഷമതയിലുള്ള വർദ്ധനവുമൂലമാണോ സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ വർദ്ധനവുണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പശുക്കളുടെ ഉല്പാദനക്ഷമത മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണോ കുറവാണോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശരാശരി 3.9 ശതമാനം.

(ബി) ഉല്പാദനക്ഷമതയിലുള്ള വർദ്ധനവുമൂലമാണ് ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടാകുന്നത്.

(സി) കണക്കാക്കപ്പെട്ടിട്ടില്ല.

പാലിലെ ഫാറ്റിന്റെ അളവ്

91 [3372] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ ലൂഡി ലൂയിസ്:
„ എ. പി. അനിൽകുമാർ:
„ വി. ജെ. പൗലോസ്:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലിലെ ഫാറ്റിന്റെ അളവ് എത്രയാണ്;

(ബി) മിൽമയ്ക്ക് നൽകുന്ന പാൽ വിതരണത്തിന് തയ്യാറാകുമ്പോൾ ഇതിൽ നിന്നും എത്ര ഫാറ്റ് നീക്കുന്നുണ്ട്;

(സി) മിൽമാ പാലിൽ പ്രിസർവേറ്റീവായി എന്തെല്ലാം രാസദ്രവ്യങ്ങൾ ചേർക്കുന്നുണ്ട്;

(ഡി) ഓരോ അര ലിറ്റർ പാലിലും ഈ രാസദ്രവ്യത്തിന്റെ അളവെത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശരാശരി 4.25 ശതമാനം.

(ബി) നീക്കപ്പെടുന്ന കൊഴുപ്പിന്റെ വ്യക്തമായ അളവ് പറയുവാൻ കഴിയുകയില്ല. എന്നാൽ മിൽമ വിതരണം ചെയ്യുന്ന ടോൺഡ് മിൽക്കിൽ 3% ഫാറ്റും സ്റ്റാൻഡേർഡൈസ്ഡ് ഫാറ്റിൽ 4.5 % ഫാറ്റും അടങ്ങിയിരിക്കുന്നു. സ്കിംഡ് മിൽക്ക് ചേർത്ത് കൊഴുപ്പിന്റെ അളവ് ക്രമീകരിച്ചാണ് ടോൺഡ് മിൽക്കും ഡബിൾ ടോൺഡ് മിൽക്കും ഉല്പാദിപ്പിക്കുന്നത്.

(സി, ഡി) മിൽമാ പാലിൽ ഒരു പ്രിസർവേറ്റീവും ചേർക്കാത്തതിനാൽ രാസവസ്തുക്കളൊന്നും തന്നെ മിൽമാ പാലിൽ ഉണ്ടായിരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly